(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർവ്വകലാശാല അധികൃതരുടേയും കാർഷിക ശാസ്ത്രജ്ഞൻമാരുടേയും അഭിപ്രായം കൂടി അറിയുവാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?;

ഉത്തരം

(എ)&(ബി) കാർഷിക സർവ്വകലാശാലയുടെ പ്രവേശനത്തിന് പ്രവേശനപരീക്ഷയ്ക്കുപുറമേ പ്രത്യേക അഭിരുചിപരീക്ഷ നടത്തണമെന്ന് നിർദ്ദേശമില്ല.

139 (1871) വെള്ളായണി കാർഷിക കോളേജിന്റെ ഭൂമി

ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ റിക്കാർഡു പ്രകാരം വെള്ളായണി കാർഷികകോളേജിന് കൈമാറികിട്ടിയ സർവ്വേ നമ്പർ 236/1-ൽപ്പെട്ട മുഴുവൻ ഭൂമിയും ഇപ്പോൾ കാർഷിക കോളേജിന്റെ കൈവശത്തിലും അനുഭവത്തിലുംതന്നെയാണോ ഉള്ളത്;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ കുറവു വന്നിട്ടുണ്ടോ? കുറവു വന്നതു കൈമാറിയതിന് മുൻപാണോ, പിൻപാണോ;

(സി) വിസ്തീർണ്ണത്തിൽ കുറവുണ്ടാകാൻ കാരണമെന്ത്; കുറവു വന്ന ഭൂമി ഇപ്പോൾ ആരുടെയെല്ലാം കൈവശത്തിലും അനുഭവത്തിലുമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമിയുടെ കൈവശക്കാർ കൈവശഭൂമിയ്ക്കു പട്ടയം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയിൻമേൽ റവന്യൂ അധികൃതർ കോളേജ് അധികൃതരുടെ അഭിപ്രായം ആരാഞ്ഞിരുന്നുവോ; എങ്കിൽ 1991-ൽ തിരുവന്തപുരം തഹസീൽദാരും 1998-ൽ ജില്ലാ കളക്ടറും നൽകിയ കത്തുകൾക്കു മറുപടി നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

140 (1872) ഹോസ്റ്റൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഹോസ്റ്റലുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.;

(ബി) ഈ തൊഴിലാളികളുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ എന്തെക്കൊയാണ്;

(സി) ഹോസ്റ്റൽ തൊഴിലാളികളെ സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളായി അംഗീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹോസ്റ്റൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിയ്ക്കുവാൻ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഇ) ഹോസ്റ്റൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 96 മെസ്സ് ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) അതത് കോളേജുകളിലെ മെസ്സ് കമ്മിറ്റിയാണ് ഹോസ്റ്റൽ ജീവനക്കാരെ നിയമിക്കുന്നത്. കാലാകാലങ്ങളിൽ ഹോസ്റ്റൽ ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള വേതനമാണ് മെസ്സ് കമ്മിറ്റികൾ 1986 മുതൽ ഹോസ്റ്റൽ ജീവനക്കാർക്ക് അനുവദിയ്ക്കുന്നത്. ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനുവേണ്ടി മെസ്സ് കമ്മിറ്റികൾ ചിലവാക്കുന്ന തുകകളുടെ 50% സർവ്വകലാശാലയിൽ നിന്നും ഗ്രാന്റായി നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഹോസ്റ്റൽ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിന് വേണ്ടി സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി 30.10.98-ൽ ഒരു സബ്കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സബ്കമ്മിറ്റി റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഇ) ഉണ്ട്. തൊഴിലാളികളുടെ പല പ്രശ്നങ്ങൾ ചർച്ചചെയ്തു. 1996 ആഗസ്റ്റിലെ മിനിമം കൂലി കൊടുത്തുതീർക്കാൻ നിർദ്ദേശം നൽകി. ഹോസ്റ്റൽ മെസ്സ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നകാര്യം തത്വത്തിൽ അംഗീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

141 (1873) നീലേശ്വരം കാർഷിക കോളേജിലെ ഒഴിവുകൾ

ശ്രീ. ചെർക്കുളം അബ്ദുള്ള :
ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീലേശ്വരം കാർഷിക കോളേജിൽ വേണ്ടത്ര സ്റ്റാഫില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതി പരിഹരിക്കാൻ ഇതിനകം എത്രപേരെ നിയമിച്ചു;

(സി) ഇനിയും എത്ര പേരെ നിയമിക്കാനുണ്ട്;

(ഡി) നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണം എന്ത്;

(ഇ) ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly